"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊഴിയൂർ സെന്റ് മാത്യൂസ് എച്ച്.എസിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 25.06.2021 പ്രാബല്യത്തിൽ ശ്രീ മരിയദാസന് ഉയർന്ന പ്രായപരിധിയിലും അധിക യോഗ്യതയിലും ഇളവ് അനുവദിച്ച് നിയമനാംഗീകാരം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.5081/2024/GEDN തീയതി,തിരുവനന്തപുരം, 16-08-2024

പരാമർശം:-

1. ശ്രീ. മരിയദാസൻ സർക്കാരിൽ സമർപ്പിച്ച 15/6/2023, 14/9/2023, 26/9/2023, 13/2/2024 തീയതികളിലെ നിവേദനങ്ങൾ
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22/7/2023, 23/1/2024, 8/2/2024, 26/3/2024 തീയതികളിലെ DGE/5962/2023-ET4 നമ്പർ കത്തുകൾ
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 20/5/2024ലെ DCTVM/4240/2024-A6 നമ്പർ കത്ത്.

**ഉത്തരവ്**

നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ലയുടെ കീഴിൽ പ്രവർത്തിക്കുന്ന എയ്ഡഡ് ഹൈസ്കൂളായ പൊഴിയൂർ സെന്റ് മാത്യൂസ് എച്ച്.എസ്.-ലെ ഓഫീസ് അറ്റൻഡന്റ് ആയിരുന്ന ശ്രീ. തദ്ദേയൂസിന് സ്ഥാനക്കയറ്റം നൽകി ക്ലാർക്കായി നിയമിച്ച ഒഴിവിലേക്ക് മാനേജർ ശ്രീ. മരിയദാസനെ ഓഫീസ് അറ്റൻഡന്റായി 25/06/2021 മുതൽ നിയമിക്കുകയും ഈ നിയമനം നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും ഉത്തരവ് നം.ബി3/24209/2021 തീയതി 19/09/2021 പ്രകാരം അംഗീകരിച്ച് നൽകുകയും ചെയ്തു. നിയമന സമയത്ത് ടിയാന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പ്രായപരിധി കഴിഞ്ഞിരുന്നതായി പിന്നീട് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നിർദേശപ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീ. മരിയദാസന്റെ ശമ്പളം തടയുകയുണ്ടായി. ഈ നടപടിക്കെതിരെ ശ്രീ. മരിയദാസൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.9258/2023മേലുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ വിഷയം പരിശോധിക്കുകയും എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് പ്രകാരം ശ്രീ.മരിയദാസന്റെ ജനന തീയതി 19.05.1976 ആണെന്നും മാനേജർ ടിയാനെ എഫ്.റ്റി.എം. ആയി നിയമിക്കുമ്പോൾ ടിയാന്റെ പ്രായം 4 4 വയസ്സ് പിന്നിട്ടിരുന്നുവെന്നും ഓഫീസ് അറ്റൻഡന്റ് നിയമനം നടക്കുമ്പോൾ 45 വയസ്സ് പിന്നിട്ടിരുന്നുവെന്നും ശ്രീ. മരിയദാസൻ സംവരണത്തിനു അർഹതയുള്ള ഒ.ബി.സി. വിഭാഗത്തിൽപെടുന്നതിനാൽ 39 വയസ്സ് വരെ മാത്രമേ ഉയർന്ന പ്രായപരിധി ആകാവൂ എന്നുമുള്ള വസ്തുതകൾ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മരിയദാസന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം റദ്ദ് ചെയ്ത് ഉത്തരവാകുകയും ചെയ്തു.

2. ടി ഉത്തരവിനെതിരെ ശ്രീ. മരിയദാസൻ സർക്കാരിൽ പരാമർശം (1) പ്രകാരം നിവേദനങ്ങൾ സമർപ്പിക്കുകയുണ്ടായി.

3. ഫുൾടൈം മീനിയൽ തസ്തികയിൽ നിയമിക്കപ്പെടുന്നതിന് മുൻപായി ശ്രീമതി റീന, എച്ച്.എസ്.റ്റി.

(നാചറൽ സയൻസ്) 01/07/2019 മുതൽ 14/08/2019 വരെ അവധിയെടുത്ത ഒഴിവിൽ ടിയാനെ നിയമിച്ചതായും പ്രസ്തുത നിയമനം ഡി.ഇ.ഒയുടെ ബി3/18443/2020 തീയതി 01/10/2020 നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ച് നൽകിയിട്ടുള്ളതായും പ്രസ്തുത നിയമനം നിശ്ചിത പ്രായപരിധിയിലാണെന്നും ശ്രീ മരിയദാസൻ തുടർന്ന് സമർപ്പിച്ച റിവ്യൂ അപേക്ഷയിൽ ബോധിപ്പിച്ചിട്ടുണ്ട്. താൻ മുക്കുവ സമുദായത്തിൽ പെട്ട ആളാണെന്നും വൃദ്ധരും രോഗികളുമായ മാതാപിതാക്കളുടെയും ഭാര്യയും വിദ്യാർത്ഥിനികളായ രണ്ട് മക്കളും അടങ്ങിയ കുടുംബത്തിന്റെ ഏക ആശ്രയമാണെന്നും രണ്ടാമത്തെ കുട്ടി ഭിന്നശേഷി വിഭാഗത്തിൽപെടുന്നുവെന്നും തന്റെ വരുമാനം നിലച്ചതിനാൽ അതിദയനീയമാണ് കുടുംബത്തിന്റെ അവസ്ഥയെന്നും ടിയാൻ നിവേദനത്തിൽ പരാമർശിച്ചിട്ടുണ്ട്.

4. ശ്രീ. മരിയദാസൻ ടി സ്കൂളിലെ ശ്രീമതി. റീന, എച്ച് എസ്.എ യുടെ(നാച്ചറൽ സയൻസ്) ഹ്രസ്വകാല അവധി ഒഴിവിൽ നിയമിക്കപ്പെടുകയും ടി നിയമനം ദിവസ വേതന അടിസ്ഥാനത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട് എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടറും പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. 04.06.2016 തീയതിയിലെ സർക്കാർ ഉത്തരവ് (പി) നം. 12/2016/പി ആന്റ് എആർഡി, സർക്കാർ ഉത്തരവ് (പി) നം. 30/2016/പി ആന്റ് ഏആർഡി എന്നിവ പ്രകാരം ഓഫീസ് അറ്റൻഡന്റ് നിയമനത്തിന് ഡിഗ്രി യോഗ്യത പാടില്ല. ശ്രീ. മരിയദാസന്റെ എഫ് റ്റി എം, ഓഫീസ് ഓഫീസ് അറ്റൻഡന്റ് നിയമനങ്ങൾക്ക് മുൻപാണ് ടിയാൻ എച്ച് എസ് റ്റി( നാച്ചറൽ സയൻസ്) ആയി ടി സ്കൂളിൽ അവധി ഒഴിവിൽ ജോലി ചെയ്തിട്ടുള്ളത്. പ്രസ്തുത സാഹചര്യത്തിൽ ശ്രീ. മരിയദാസന് ഓഫീസ് അറ്റൻഡന്റ് നിയമനത്തിന് അർഹതയുണ്ടായിരുന്നില്ല. മാനേജർ ശ്രീ. മരിയദാസനെ 01.12.2020 മുതൽ എഫ്. റ്റി എം. ആയി നിയമിക്കുകയും നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഈ നിയമനം നിരസിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ടിയാന്റെ നിയമന സമയത്ത് മാനേജർ പ്രമോഷൻ അപ്പോയ്മെന്റ് എന്നും 01.12.2020 മുതൽ ശ്രീ. മരിയദാസൻ എഫ്. റ്റി എം. തസ്തികയിൽ തുടരുന്നുവെന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നും കൂടാതെ സമന്വയ പോർട്ടൽ പരിശോധിച്ചതിൽ നിന്നും ശ്രീ. മരിയദാസനെ ടി സ്കൂളിലെ ശ്രീമതി റീന, എച്ച്.എസ്.എ (നാച്ചറൽ സയൻസ്) 01.07.2019 മുതൽ 14.08.2019 വരെ അവധിയെടുത്ത ഒഴിവിൽ നിയമിക്കുകയും ടി നിയമനം ടി കാര്യാലയത്തിലെ ഉത്തരവ് നം. ബി3/18443/2020 തീയതി 01.10.2020 പ്രകാരം അംഗീകരിച്ച് നൽകിയിട്ടുള്ളതായും കാണുന്നു എന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നിയമന അംഗീകാര ഫയലുകളുടെ പരിശോധന സമന്വയ വഴി നടത്തിയപ്പോൾ ശ്രീ. മരിയദാസന്റെ നിയമനാംഗീകാര ഫയലിൽ തടസ്സവാദം ബോധ്യപ്പെടുകയും നിയമന തീയതിയിൽ ടിയാൻ കെ.ഇ.ആർ. അനുശാസിക്കുന്ന നിയമനത്തിനുള്ള പ്രായപരിധി അധികരിച്ചിരുന്നു എന്ന തടസ്സവാദം ഉന്നയിക്കപ്പെടുകയും ചെയ്തു. പൊഴിയൂർ സെന്റ് മാത്യൂസ് എച്ച്.എസ്.ൽ സംരക്ഷിത എഫ്.ടി.എം. ആയി സേവനത്തിൽ തുടർന്നുവന്നിരുന്ന ശ്രീ. സതീഷിനെ മാതൃ സ്കൂളിൽ തിരിച്ചു വിളിച്ച ഒഴിവിൽ ശ്രീ. മരിയദാസനെ 01.12.2020 മുതൽ നിയമിച്ചതായും ആയതിനുള്ള പ്രൊപ്പോസൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചതായും ടിയാന്റെ പരാതിയിൽ സൂചിപ്പിച്ചിരുന്നു എന്നും എന്നാൽ 2019-2020 വർഷം മുതൽ അംഗീകാര ഫയലുകൾ സമർപ്പിക്കേണ്ടത് സമന്വയ വഴിയാണ് എന്നും മാനേജർ നിശ്ചിത സമയത്തിനുള്ളിൽ ഇത്തരത്തിൽ പ്രൊപ്പോസൽ സമർപ്പിച്ചതായി കാണുന്നില്ല എന്നും ആയതിനാൽ ടിയാന്റെ 01.12.2020 മുതലുള്ള നിയമനം പരിഗണിച്ചില്ല എന്നും വിദ്യാഭ്യാസ ഉപഡയറക്ടർ വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ 25.06.2021 മുതലാണ് ക്രമപ്രകാരം ശ്രീ. മരിയദാസന്റെ നിയമനം നടന്നിട്ടുള്ളത്. ജനുവരി 1 അടിസ്ഥാനമാക്കിയാണ് കെ.ഇ.ആർ. വ്യവസ്ഥകൾ പ്രകാരം നിയമനത്തിനുള്ള പ്രായപരിധി കണക്കാക്കുന്നത്. 25/06/2021-ന് നിയമനാംഗീകാരം നല്കുമ്പോൾ ടിയാൾക്ക് 45 വയസ്സ് പൂർത്തിയായിട്ടുണ്ട്. ടിയാൾ ക്ക് 51A അവകാശിയാകുന്നതിനുള്ള മുൻകാല സർവ്വീസില്ല. ശ്രീ. മരിയദാസൻ നിയമിക്കപ്പെടുന്ന സമയത്ത് രണ്ട് തസ്തികയിലും ടിയാന് പ്രായപരിധി പിന്നിട്ടിരുന്നു. നിയമനാംഗീകാരത്തിനു ലഭിയ്ക്കുന്ന അപേക്ഷ വളരെ ലാഘവത്തോടെ കണ്ട്, മാനേജർ സമന്വയ വഴി നല്കിയ വിവരങ്ങളുടെ ആധികാരികത ഉറപ്പുവരുത്താതെ നിയമനാംഗീകാരം നല്കിയ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടിയും സമന്വയ പോർട്ടലിൽ തെറ്റായ വിവരങ്ങൾ നല്കിയ മാനേജരുടെ നടപടിയും ക്രമപ്രകാരമല്ല.

5. കെ.ഇ.ആർ. അധ്യായം XXIV (B) ചട്ടം 4 പ്രകാരം അനധ്യാപക ജീവനക്കാരുടെ നിയമനത്തിനുള്ള സർക്കാർ സർവീസിന് നിഷ്കർഷിച്ചിട്ടുള്ള പ്രായപരിധി തന്നെ എയ്ഡഡ് സ്കൂളിനും ബാധകമാണ്. ശ്രീ. മരിയദാസൻ 25/6/2021 മുതൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനാംഗീകാരം നേടി 2 വർഷത്തോളമായി ജോലി ചെയ്തു വരവെയാണ് പ്രായപരിധി കഴിഞ്ഞതായി കണ്ടെത്തി ടിയാന്റെ ശമ്പളം തടഞ്ഞിട്ടുള്ളത്. ടി സ്കൂളിലെ FTM തസ്തികയിലും ശമ്പളമില്ലാതെ അപേക്ഷകൻ ജോലി നോക്കിയിരുന്നു എന്നും കാണാവുന്നതാണ്. എന്നാൽ ചുരുങ്ങിയ കാലയളവിലാണെങ്കിലും 01/7/2019 മുതൽ 14/8/2019 വരെ പ്രായപരിധിക്കുള്ളിൽ തന്നെ അധ്യാപക തസ്തികയിൽ താത്കാലിക ഒഴിവിൽ അംഗീകൃത സർവീസ് ടിയാന് ഉണ്ട്. FTM തസ്തികയിൽ നിയമിക്കപ്പെടുന്നതിന് മുമ്പ് ശ്രീ.മരിയദാസന് ടി സ്കൂളിൽ എച്ച്.എസ്.എ ആയി അവധി ഒഴിവിൽ 2019ൽ നിയമനം ലഭിച്ചതായി കാണുന്നതിനാൽ 2021 ൽ ഓഫീസ് അറ്റെൻഡന്റ് തസ്തികയിൽ നിയമിക്കുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യത അധികരിച്ചിരുന്നുവെന്ന വസ്തുതയും സർക്കാർ പരിശോധിക്കുകയുണ്ടായി.

6. ശ്രീ.മരിയദാസന്റെ ദയനീയാവസ്ഥ പരിഗണിച്ച് ടിയാന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനത്തിനു അംഗീകാരം നൽകുന്ന വിഷയം ചട്ടങ്ങളിൽ ഇളവ് നല്കിയാൽ മാത്രമേ പരിഗണിക്കാനാകൂ എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ.മരിയദാസന് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനാംഗീകാരം നല്കണമെങ്കിൽ ഉയർന്ന പ്രായപരിധിയിലും അധികയോഗ്യതയിലും ഇളവ് അനുവദിക്കേണ്ടതുണ്ട് എന്ന് കണ്ടെത്തുകയുണ്ടായി.

7. ഈ വിഷയത്തിൽ ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. നെയ്യാറ്റിൻകര തഹസിൽദാർ മുഖാന്തരം അന്വേഷണം നടത്തിയതിൽ അപേക്ഷകനും ഭാര്യ ശ്രീമതി. മിനി, മക്കളായ സോനാ.എം.ദാസ് (17 വയസ്സ്), മേരി സീന (16 വയസ്സ്) എന്നിവർ കുളത്തൂർ വില്ലേജിൽ പൊഴിയൂർ തെക്കേ കൊല്ലങ്കോട് ന്യൂ ഫിഷെർമെൻ കോളനിയിൽ കുളത്തൂർ പഞ്ചായത്ത് 10-2020 വാർഡിൽ നമ്പർ വീട്ടിൽ താമസിച്ച് വരുന്നതായും അപേക്ഷകൻ ക്രിസ്ത്യൻ - ലത്തീൻ കത്തോലിക്കാ (മുക്കുവ) വിഭാഗത്തിൽ പെട്ട ആളും കുടുംബത്തിന്റെ ഏക ആശ്രയമാണെന്നും ടിയാന്റെ രണ്ടാമത്തെ മകളായ മേരി സീനയ്ക്ക് 60% സ്ഥിരമായ ശാരീരിക വൈകല്യം ഉള്ളയാളും ടിയാൾ അപേക്ഷകന്റെ ആശ്രയത്തിലാണെന്നും റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുണ്ട്. അപേക്ഷകന്റെയും ഭാര്യയുടെയും പേരിൽ കുളത്തൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 46 ൽ റീസർവ്വേ 354/3-10 ൽ 01.21 ആർ പുരയിടം കൈവശത്തിലും കരം തീരുവയിൽ ഉണ്ട് എന്ന വിവരവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

8 . **സർക്കാർ ടി വിഷയം നിലവിലെ വിദ്യാഭ്യാസ ചട്ടങ്ങളുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.**

9. തിരുവനന്തപുരം നെയ്യാറ്റിൻകര പൊഴിയൂർ സെന്റ് മാത്യൂസ് ഹൈസ്കൂളിൽ 25.06.2021 മുതൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിലുണ്ടായിരുന്ന ഒഴിവിൽ ശ്രീ. മരിയദാസിന് നിയമനം നൽകുകയും നിയമനം ലഭിക്കുന്ന സമയത്ത് ഉയർന്ന പ്രായപരിധി പിന്നിട്ട ശ്രീ മരിയദാസിന് ഓഫീസ് അറ്റൻഡന്റ് തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ളതിൽ അധികമായ യോഗ്യത ഉണ്ടായിട്ടും സമന്വയ പോർട്ടലിൽ മാനേജർ നൽകിയ തെറ്റായ വിവരങ്ങൾ പരിശോധനയിൽ കണ്ടെത്താതെ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനത്തിന് അംഗീകാരം നൽകുകയും ചെയ്തിരുന്നു. അപ്രകാരം നിയമനാംഗീകാരം ലഭിച്ച് തുടർന്നു വന്നിരുന്നു എന്ന വസ്തുത പരിഗണിച്ചും, ടിയാനെ ആശ്രയിച്ച് കഴിയുന്ന രണ്ടാമത്തെ മകൾ 60% സ്ഥിരമായ ശാരീരിക വൈകല്യമുള്ളയാളാണെന്ന ജില്ലാകളക്ടറുടെ റിപ്പോർട്ട് പരിഗണിച്ചും, ചട്ടങ്ങളിൽ ഇളവ് വരുത്തി, മാനുഷിക പരിഗണന നൽകി ഇതൊരു കീഴ്വഴക്കം ആകാൻ പാടില്ല എന്ന വ്യവസ്ഥയിൽ പ്രത്യേക കേസായി പരിഗണിച്ച്, ഉയർന്ന പ്രായപരിധിയിലും അധിക യോഗ്യതയിലും ഇളവ് അനുവദിച്ച് പൊഴിയൂർ സെന്റ് മാത്യൂസ്

എച്ച്.എസിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, ഭിന്നശേഷി സംവരണം സംബന്ധിച്ച ഉത്തരവുകൾക്ക് വിധേയമായി 25.06.2021 പ്രാബല്യത്തിൽ ശ്രീ മരിയാദാസന്റെ നിയമനം അംഗീകരിക്കുന്നതിന് നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസറെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവാകുന്നു.

10. കൂടാതെ എയ്ഡഡ് സ്കൂളുകളിലെ നിയമനാംഗീകാരത്തിനായി സമന്വയ പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കുമ്പോൾ അതിന്റെ ആധികാരികത ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പാക്കിയ ശേഷം മാത്രമേ നിയമനാംഗീകാരം നൽകാൻ പാടുള്ളൂ എന്ന നിർദ്ദേശം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്ക് നല്കുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റാണി ജോർജ്ജ്

പ്രിൻസിപ്പൽ സെക്രട്ടറി

ശ്രീ. മരിയദാസൻ, പൊഴിയൂർ സെന്റ് മാത്യൂസ് ഹൈസ്കൂൾ, തിരുവനന്തപുരം
മാനേജർ, പൊഴിയൂർ സെന്റ് മാത്യൂസ് ഹൈസ്കൂൾ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, നെയ്യാറ്റിൻകര
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 2344 തീയതി 14.08.2024)
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/ (എ&ഇ), കേരളം, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Resmi Babu

Date: 17-08-2024 10:44:59

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു: പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 14-08-2024

ഫയൽ നം. എസ്2/150/2023/പൊ.വി.വ. ഇനം നം: 2344

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - ചട്ടങ്ങളിൽ ഇളവ് വരുത്തി ഉയർന്ന പ്രായപരിധിയിലും അധിക യോഗ്യതയിലും ഇളവ് അനുവദിച്ച് പൊഴിയൂർ സെന്റ് മാത്യൂസ് എച്ച്.എസ്-ലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ശ്രീ. മരിയദാസന് നിയമനാംഗീകാരം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എസ്2/150/2023/പൊ.വി.വ. |
| 2 | വകുപ്പ് | : | പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ് |
| 3 | വിഷയം | : | ചട്ടങ്ങളിൽ ഇളവ് വരുത്തി ഉയർന്ന പ്രായപരിധിയിലും അധിക യോഗ്യതയിലും ഇളവ് അനുവദിച്ച് പൊഴിയൂർ സെന്റ് മാത്യൂസ് എച്ച്.എസിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ശ്രീ മരിയദാസന് നിയമനാംഗീകാരം നല്കുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യ മന്ത്രിയുടെ ഉത്തരവ് തീയതി | : | 26.07.2024 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ജ്യോതിലക്ഷ്മി എൽ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. റാണി ജോർജ്ജ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 09.08.2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വേണു വി. |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13.08.2024 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.വി.ശിവൻകുട്ടി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 13.08.2024 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 13/08/24 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ചട്ടങ്ങളിൽ ഇളവ് വരുത്തി KER Chapter 1 Rule 3 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേകാധികാരം ഉപയോഗിച്ച് മാനുഷിക പരിഗണന നൽകി ഉയർന്ന പ്രായപരിധിയിലും അധിക യോഗ്യതയിലും ഇളവ് അനുവദിച്ച് പൊഴിയൂർ സെന്റ് മാത്യൂസ് എച്ച്.എസിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ശ്രീ മരിയദാസന് ഭിന്നശേഷി സംവരണം സംബന്ധിച്ച ഉത്തരവുകൾക്ക് വിധേയമായി നിയമനാംഗീകാരം നല്കാവുന്നതാണോ എന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2. നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ലയുടെ കീഴിൽ പ്രവർത്തിക്കുന്ന ഒരു എയ്ഡഡ് ഹൈസ്കൂളാണ് പൊഴിയൂർ സെന്റ് മാത്യൂസ് എച്ച്.എസ്. പ്രസ്തുത സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ആയിരുന്ന ശ്രീ തദ്ദേയൂസിന് സ്ഥാനക്കയറ്റം നൽകി ക്ലാർക്കായി നിയമിച്ച ഒഴിവിലേക്ക് മാനേജർ ശ്രീ.മരിയാദാസിനെ ഓഫീസ് അറ്റൻഡന്റായി 25/06/2021 മുതൽ നിയമിച്ചു. ഈ നിയമനം നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും ഉത്തരവ് നം.ബി3/24209/2021 തീയതി 19/09/2021 പ്രകാരം അംഗീകരിച്ച് നൽകി. നിയമന സമയത്ത് ടിയാന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പ്രായപരിധി കഴിഞ്ഞിരുന്നതായി പിന്നീട് കണ്ടെത്തിയതിനെ തുടർന്ന് വിദ്യാഭ്യാസ ഉപഡയറക്ടറുടെ നിർദേശപ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീ.മരിയാദാസന്റെ ശമ്പളം തടയുകയും ഈ നടപടിക്കെതിരെ ശ്രീ.മരിയാദാസൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.9258/2023 മേലുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ വിഷയം പരിശോധിക്കുകയുമുണ്ടായി. എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് പ്രകാരം ശ്രീ.മരിയാദാസന്റെ ജനന തീയതി 19.05.1976 ആണ്. മാനേജർ ടിയാനെ എഫ്.റ്റി.എം. ആയി നിയമിക്കുമ്പോൾ ടിയാന്റെ പ്രായം 44 വയസ്സ് പിന്നിട്ടിരുന്നു. ഓഫീസ് അറ്റൻഡന്റ് നിയമനം നടക്കുമ്പോൾ 45 വയസ്സ് പിന്നിട്ടിരുന്നു. ശ്രീ.മരിയാദാസൻ സംവരണത്തിനു അർഹതയുള്ള ഒ.ബി.സി. വിഭാഗത്തിൽപെടുന്നതിനാൽ 39 വയസ്സ് വരെയാണ് അനുവദനീയമായ ഉയർന്ന പ്രായപരിധി. മേൽ വസ്തുതകൾ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മരിയാദാസന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം റദ്ദ് ചെയ്ത് പൊതു വിദ്യാഭ്യാസ ഡയറക്ടർ ഉത്തരവായി.

3. ഫുൾടൈം മീനിയൽ തസ്തികയിൽ നിയമിക്കപ്പെടുന്നതിന് മുൻപായി ഇതേ സ്കൂളിലെ ശ്രീമതി റീന, എച്ച്.എസ്.റ്റി. (നാചറൽ സയൻസ്) 01/07/2019 മുതൽ 14/08/2019 വരെ അവധിയെടുത്ത ഒഴിവിൽ നിയമിക്കുകയും ടി നിയമനം ഡി.ഇ.ഒ.യുടെ ബി3/18443/2020 തീയതി 01/10/2020 നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ച് നൽകിയിട്ടുള്ളതായും ശ്രീ.മരിയാദാസൻ തുടർന്ന് സമർപ്പിച്ച റിവ്യൂ അപേക്ഷയിൽ ബോധിപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിയമനം നിശ്ചിത പ്രായപരിധിയിലാണെന്നും വ്യക്തമാക്കുന്നു. താൻ മുക്കുവ സമുദായത്തിൽപ്പെട്ട ആളാണെന്നും വൃദ്ധരും രോഗികളുമായ മാതാപിതാക്കളുടെയും ഭാര്യയും വിദ്യാർത്ഥിനികളായ രണ്ട് മക്കളും അടങ്ങിയ കുടുംബത്തിന്റെ ഏക ആശ്രയമാണ് താനെന്നും രണ്ടാമത്തെ കുട്ടി ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്നുവെന്നും തന്റെ വരുമാനം നിലച്ചതിനാൽ അതിദയനീയമാണ് കുടുംബത്തിന്റെ അവസ്ഥയെന്നും ടിയാൻ നിവേദനത്തിൽ പരാമർശിച്ചിട്ടുണ്ട്.

4. ശ്രീ. മരിയാദാസൻ ടി സ്കൂളിലെ ശ്രീമതി. റീന, എച്ച്.എസ്.എ.യുടെ(നാച്ചറൽ സയൻസ്) ഹ്രസ്വകാല അവധി ഒഴിവിൽ നിയമിക്കപ്പെടുകയും ടി നിയമനം ദിവസ വേതന അടിസ്ഥാനത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട് എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടറും റിപ്പോർട്ട് ചെയ്തിരുന്നു. 04.06.2016 തീയതിയിലെ സർക്കാർ ഉത്തരവ് (പി) നം. 12/2016/പി ആന്റ് എആർഡി, 03.12.2016 തീയതിയിലെ സർക്കാർ ഉത്തരവ് (പി) നം. 30/2016/പി ആന്റ് എആർഡി എന്നിവ പ്രകാരം ഓഫീസ് ഓഫീസ് അറ്റൻഡന്റ് നിയമനത്തിന് ഡിഗ്രി യോഗ്യത പാടില്ല. ശ്രീ. മരിയാദാസന്റെ എഫ്.റ്റി.എം., ഓഫീസ് അറ്റൻഡന്റ് നിയമനത്തിന് മുൻപാണ് ടിയാൻ എച്ച്.എസ്.റ്റി. (നാച്ചറൽ സയൻസ്) ആയി ടി സ്കൂളിൽ അവധി ഒഴിവിൽ ജോലി ചെയ്തിട്ടുള്ളത്. ഇതിനു മുൻപ് മാനേജർ ശ്രീ. മരിയദാസനെ 01.12.2020 മുതൽ എഫ്.റ്റി.എം. ആയി നിയമിക്കുകയും നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഈ നിയമനം നിരസിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ടിയാന്റെ നിയമന സമയത്ത് മാനേജർ പ്രമോഷൻ അപ്പോയ്മെന്റ് എന്നും 01.12.2020 മുതൽ ശ്രീ. മരിയദാസൻ എഫ്.റ്റി.എം. തസ്തികയിൽ തുടരുന്നുവെന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നും സമന്വയ പോർട്ടൽ പരിശോധിച്ചതിൽ നിന്നും ശ്രീ. മരിയാ ദാസനെ ടി സ്കൂളിലെ ശ്രീമതി റീന, എച്ച്.എസ്.എ (നാച്ചറൽ സയൻസ്) 01.07.2019 മുതൽ 14.08.2019 വരെ അവധിയെടുത്ത ഒഴിവിൽ നിയമിക്കുകയും നിയമനം ഉത്തരവ് നം. ബി3/18443/2020 തീയതി 01.10.2020 പ്രകാരം അംഗീകരിച്ച് നൽകിയിട്ടുള്ളതായും കാണുന്നു എന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നിയമന അംഗീകാര ഫയലുകളുടെ പരിശോധന സമന്വയ വഴി നടത്തിയപ്പോൾ ശ്രീ. മരിയാദാസന്റെ നിയമനാംഗീകാര ഫയലിൽ തടസ്സവാദം ബോധ്യപ്പെടുകയും ആയത് ഉന്നയിക്കുകയും ചെയ്തു എന്നും ഉന്നയിക്കപ്പെട്ട പ്രധാന തടസ്സവാദം നിയമന തീയതിയിൽ ടിയാൻ കെ.ഇ.ആർ. അനുശാസിക്കുന്ന നിയമനത്തിനുള്ള പ്രായപരിധി അധികരിച്ചിരുന്നു എന്നുമാണ്. പൊഴിയൂർ സെന്റ് മാത്യൂസ് എച്ച്.എസ്.ൽ സംരക്ഷിത എഫ്.ടി.എം. ആയി സേവനത്തിൽ തുടർന്നുവന്നിരുന്ന ശ്രീ. സതീഷിനെ മാതൃ സ്കൂളിൽ തിരിച്ചു വിളിച്ച ഒഴിവിൽ ശ്രീ. മരിയാദാസനെ 01.12.2020 മുതൽ നിയമിച്ചതായും ആയതിനുള്ള പ്രൊപ്പോസൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചതായും ടിയാന്റെ പരാതിയിൽ സൂചിപ്പിച്ചിരുന്നു എന്നും എന്നാൽ 2019-2020 വർഷം മുതൽ അംഗീകാര ഫയലുകൾ സമർപ്പിക്കേണ്ടത് സമന്വയ വഴിയാണ് എന്നും മാനേജർ നിശ്ചിത സമയത്തിനുള്ളിൽ ഇത്തരത്തിൽ പ്രൊപ്പോസൽ സമർപ്പിച്ചതായി കാണുന്നില്ല എന്നും ആയതിനാൽ ടിയാന്റെ 01.12.2020 മുതലുള്ള നിയമനം പരിഗണിക്കാൻ കഴിയില്ല എന്നും വിദ്യാഭ്യാസ ഉപഡയറക്ടർ വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ 25.06.2021 മുതലാണ് ക്രമപ്രകാരം ശ്രീ. മരിയാദാസന്റെ നിയമനം നടന്നിട്ടുള്ളത്. ശ്രീ. മരിയാദാസന്റെ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് പ്രകാരം ജനന തീയതി 19.05.1976 ആണ്. ആയതിനാൽ മാനേജർ എഫ്.റ്റി.എം. നിയമനം നടത്തുമ്പോൾ ടിയാന്റെ പ്രായം 44 വയസ്സ് പിന്നിട്ടിരുന്നു. ഓഫീസ് അറ്റൻഡന്റ് നിയമനം നടക്കുമ്പോൾ 45 വയസ്സ് പിന്നിട്ടിരുന്നു. ടിയാൾക്ക് 51 എ അവകാശിയാകുന്നതിനുള്ള മുൻകാല സർവ്വീസില്ല. എന്നിട്ടും ടിയാളുടെ നിയമനം അംഗീകരിച്ച ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ തെറ്റായ നടപടിയാണ് ഈ വിഷയങ്ങൾക്കാധാരമായിട്ടുള്ളത്. നിയമനാംഗീകാരത്തിനു ലഭിയ്ക്കുന്ന അപേക്ഷ വളരെ ലാഘവത്തോടെ കണ്ട്, മാനേജർ സമന്വയ വഴി നല്കിയ വിവരങ്ങളുടെ ആധികാരികത ഉറപ്പുവരുത്താതെ നിയമനാംഗീകാരം നല്കിയ നടപടി ശരിയല്ല. കൂടാതെ, സമന്വയ

പോർട്ടലിൽ തെറ്റായ വിവരങ്ങൾ നല്കിയ മാനേജരുടെ നടപടിയും അംഗീകരിക്കാനാവില്ല.

5. കെ.ഇ.ആർ. അധ്യായം XXIV (B) ചട്ടം 4 പ്രകാരം അനധ്യാപക ജീവനക്കാരുടെ നിയമനത്തിനുള്ള സർക്കാർ സർവീസിന് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ തന്നെ എയ്ഡഡ് സ്കൂളിനും ബാധകമാണ്. ശ്രീ. മരിയാദാസൻ നിയമിക്കപ്പെടുന്ന സമയത്ത് രണ്ടു തസ്തികകളിലും ടിയാന് പ്രായപരിധി പിന്നിട്ടിരുന്നു. ഈ സാഹചര്യത്തിൽ, ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ പ്രായപരിധി കഴിഞ്ഞ്, മാനേജർ തെറ്റായ വിവരങ്ങൾ നല്കി, നിയമനാംഗീകാരം നേടി 2 വർഷത്തോളം ജോലിചെയ്തുവരവെ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഡിറ്റ് പരാമർശത്തെത്തുടർന്ന് നിയമനാംഗീകാരം റദ്ദാക്കപ്പെട്ട, ശ്രീ.മരിയാദാസിന്റെ ഒ.എ തസ്തികയിലെ നിയമനം പുനഃസ്ഥാപിച്ചു നല്കുന്ന വിഷയം സംബന്ധിച്ച് പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു.
പൊതുവിദ്യാഭ്യാസ (ജെ എ) വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

*"സാധാരണയായി സ് കൂളുകളിൽ മുൻകാല സേവനമില്ലാത്ത അധ്യാപകർക്ക് സർക്കാർ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ചു നൽകാറില്ല. എന്നാൽ അവധി ഒഴിവിലെ മുൻകാല സേവനങ്ങൾ, 51 A അവകാശം ലഭിച്ച സേവനങ്ങൾ, ദിവസവേതനാടിസ്ഥാനത്തിലുള്ള മുൻകാല സേവനങ്ങൾ എന്നിങ്ങനെ മുൻകാല സേവനമുള്ള അധ്യാപകർക്ക്/അനധ്യാപകർക്കു പിന്നീട് മാനേജർമാർ തസ്തിക അനുവദിക്കുന്ന സാഹചര്യം ഉണ്ടാകുമ്പോൾ ടി അധ്യാപകർ/അനധ്യാപകർ പ്രായപരിധി പിന്നിട്ടാലും സർക്കാർ അവർക്കു പ്രായപരിധിയിൽ ഇളവ് അനുവദിച്ചു നിയമനാംഗീകാരം നൽകാറുണ്ട്. സമാനമായ മുൻകാല സേവനങ്ങൾ പരിഗണിച്ച് സർക്കാർ ഒട്ടനവധി അധ്യാപകർക്ക്/അനധ്യാപകർക്കു പിന്നീട് അവരുടെ പുനർനിയമന തസ്തികയിലെ നിയമനങ്ങൾക്ക് വയസ്സിളവ് അനുവദിച്ചു നിയമനാംഗീകാരം അനുവദിച്ചിട്ടുണ്ട്. ശ്രീ. മരിയദാസൻ 25/6/2021 മുതൽ OA തസ്തികയിൽ നിയമനാംഗീകാരം നേടി 2 വർഷത്തോളമായി ജോലി ചെയ്തു വരവെയാണ് പ്രായപരിധി കഴിഞ്ഞതായി കണ്ടെത്തി ടിയാന്റെ ശമ്പളം തടഞ്ഞിട്ടുള്ളത്. ടി സ്കൂളിലെ FTM തസ്തികയിലും ശമ്പളമില്ലാതെ അപേക്ഷകൻ ജോലി നോക്കിയിരുന്നു എന്നും കാണാവുന്നതാണ്. എന്നാൽ ചുരുങ്ങിയ കാലയളവിലാണെങ്കിലും 01/7/2019 മുതൽ 14/8/2019 വരെ പ്രായപരിധിക്കുള്ളിൽ തന്നെ അധ്യാപക തസ്തികയിൽ താത്കാലിക ഒഴിവിൽ അംഗീകൃത സർവീസ് ടിയാന് ഉണ്ട് എന്നും ഭരണവകുപ്പിന്റെ ഫയലിൽ കാണുന്നു.മേൽ സാഹചര്യത്തിൽ നിവേദനത്തിൽ അപേക്ഷിച്ച പോലെ സർക്കാരിന്റെ പ്രത്യേകാധികാര പരിഗണന നൽകി ശ്രീ. മരിയദാസന്റെ OA തസ്തികയിലെ നിയമനം അംഗീകരിച്ച് ഉത്തരവാകാവുന്നതാണോ എന്ന് ഭരണവകുപ്പ പരിശോധിച്ചു തീരുമാനത്തിലെത്തേണ്ടതും അപ്രകാരം തീരുമാനിക്കുന്ന പക്ഷം ഉചിതതലത്തിൽ ഉത്തരവ് വാങ്ങി തീരുമാനമെടുക്കേണ്ടതാണ് . FTM തസ്തികയിൽ നിയമിക്കപ്പെടുന്നതിന് മുമ്പ് ശ്രീ.മരിയദാസന് ടി സ്കൂളിൽ എച്ച്.എസ്.എ ആയി അവധി ഒഴിവിൽ 2019 ൽ നിയമനം ലഭിച്ചതായി കാണുന്നതിനാൽ 2021 ൽ OA തസ്തികയിൽ നിയമിക്കുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യത കൂടി പരിശോധിക്കുവാനും താല്പര്യപ്പെടുന്നു. കൂടാതെ കൃത്യമായ പരിശോധന നടത്താതെ നിശ്ചിത പ്രായപരിധി കഴിഞ്ഞിട്ടും അത് ശ്രദ്ധിക്കാതെ തെറ്റായി നിയമനാംഗീകാരം*

*നൽകിയ അന്നത്തെ ജില്ലാ വിദ്യാഭ്യാസ ഓഫീസറോട് വിശദീകരണം ആരായുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്ന കാര്യത്തിലും ഭരണവകുപ്പ് ഉചിതതലത്തിൽ ഉത്തരവ് തേടേണ്ടതാണെന്നും അറിയിക്കുന്നു."*

6. ശ്രീ.മരിയാദാസന്റെ ദയനീയാവസ്ഥ പരിഗണിച്ച് ടിയാന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനത്തിനു അംഗീകാരം നൽകുന്ന വിഷയം ചട്ടങ്ങളിൽ ഇളവ് നല്കിയാൽ മാത്രമേ പരിഗണിക്കാനാകൂ എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു. ശ്രീ.മരിയാദാസന് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനാംഗീകാരം നല്കണമെങ്കിൽ ഉയർന്ന പ്രായപരിധിയിലും അധികയോഗ്യതയിലും ഇളവ് അനുവദിക്കേണ്ടതുണ്ട്.

7. ഈ വിഷയത്തിൽ ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. നെയ്യാറ്റിൻകര തഹസിൽദാർ മുഖാന്തരം അന്വേഷണം നടത്തിയതിൽ അപേക്ഷകനും ഭാര്യ ശ്രീമതി. മിനി, മക്കളായ സോനാ എം. ദാസ് (17 വയസ്സ്), മേരി സീന (16 വയസ്സ്) എന്നിവർ കുളത്തൂർ വില്ലേജിൽ പൊഴിയൂർ തെക്കേ കൊല്ലങ്കോട് ന്യൂ ഫിഷെർമെൻ കോളനിയിൽ കുളത്തൂർ പഞ്ചായത്ത് 10-2020 വാർഡിൽ നമ്പർ വീട്ടിൽ താമസിച്ച് വരുന്നു. അപേക്ഷകൻ ക്രിസ്ത്യൻ - ലത്തീൻ കത്തോലിക്കാ (മുക്കുവ) വിഭാഗത്തിൽ പെട്ട ആളും കുടുംബത്തിന്റെ ഏക ആശ്രയം അപേക്ഷകനാണെന്നും ടിയാന്റെ രണ്ടാമത്തെ മകളായ മേരി സീനയ്ക്ക് 60% സ്ഥിരമായ ശാരീരിക വൈകല്യം ഉള്ളയാളും ടിയാൾ അപേക്ഷകന്റെ ആശ്രയത്തിലാണെന്നും റിപ്പോർട്ടിൽ പറയുന്നു. അപേക്ഷകന്റെയും ഭാര്യയുടെയും പേരിൽ കുളത്തൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 46 ൽ റീസർവ്വേ 354/3-10 ൽ 01.21 ആർ പുരയിടം കൈവശത്തിലും കരം തീരുവയിലും ഉണ്ട് എന്ന വിവരവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

8. പ്രായപരിധിയിൽ ഇളവ് നല്കുന്ന വിഷയത്തിൽ P & ARD യുടെ അഭിപ്രായം ആരാഞ്ഞിരുന്നുവെങ്കിലും ആ വകുപ്പ് KER പ്രകാരം പരിശോധിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

*"എയ്ഡഡ് സ്കൂളുകളുമായി ബന്ധപ്പെട്ട വിഷയം കെ.പി.എസ് ആക്ടിനു കീഴിൽ വരാത്തതിനാൽ ഈ വിഷയത്തിൽ ആധികാരിക അഭിപ്രായം രേഖപ്പെടുത്തുന്നതിന് ഈ വകുപ്പിന് പരിമിതിയുണ്ട്. കെ.ഇ.ആർ-ലെ ചട്ടവ്യവസ്ഥകളാണ് എയ്ഡഡ് ജീവനക്കാരുടെ കാര്യത്തിൽ ബാധകമാകുമെന്നതിനാൽ പൊതുവിദ്യാഭ്യാസ (ജെഎ) വകുപ്പിന്റെ അഭിപ്രായം പ്രകാരം ഭരണവകുപ്പിന് തുടർനടപടി സ്വീകരിക്കാവുന്നതാണ്."*

9. ചുരുക്കത്തിൽ തിരുവനന്തപുരം നെയ്യാറ്റിൻകര പൊഴിയൂർ സെന്റ് മാത്യൂസ് ഹൈസ്കൂളിൽ 25.06.2021 മുതൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിലുണ്ടായിരുന്ന ഒഴിവിൽ ശ്രീ. മരിയദാസന് നിയമനം നൽകി. നിയമനം ലഭിക്കുന്ന സമയത്ത് ഉയർന്ന പ്രായപരിധി പിന്നിട്ട ശ്രീ.മരിയാദാസന് ഓഫീസ് അറ്റൻഡന്റ് തസ്തികയ്ക്ക് വേണ്ടതിൽ അധികമായ യോഗ്യത ഉണ്ടായിട്ടും സമന്വയ പോർട്ടലിൽ മാനേജർ നൽകിയ തെറ്റായ വിവരങ്ങൾ പരിശോധനയിൽ കണ്ടെത്താതെ ജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രസ്തുത നിയമനത്തിന് അംഗീകാരം നൽകിയിരുന്നു. അപ്രകാരം

നിയമനാംഗീകാരം ലഭിച്ച് തുടർന്നു വന്നിരുന്നു എന്ന വസ്തുത പരിഗണിച്ചും, ടിയാനെ ആശ്രയിച്ചു കഴിയുന്ന രണ്ടാമത്തെ മകൾ 60% സ്ഥിരമായ ശാരീരിക വൈകല്യമുള്ളയാളാണെന്ന ജില്ലാകളക്ടറുടെ റിപ്പോർട്ട് പരിഗണിച്ചും, ഇനിയൊരു തൊഴിൽ ലഭിക്കാനുള്ള സാദ്ധ്യതയില്ലാത്തതിനാലും ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് ഉയർന്ന പ്രായപരിധി, അധിക യോഗ്യത എന്നീ വ്യവസ്ഥകളിൽ നിന്നും ഇളവനുവദിച്ചുകൊണ്ട് ശ്രീ. മരിയദാസന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനത്തിന് 25.06.2021 പ്രാബല്യത്തിൽ അംഗീകാരം നൽകുന്ന കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഫയൽ ചംക്രമണം ചെയ്തപ്പോൾ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## <u>തീരുമാനിക്കേണ്ട വിഷയങ്ങൾ</u>

എ) ചട്ടങ്ങളിൽ ഇളവ് വരുത്തി KER Chapter 1 Rule 3 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേകാധികാരം ഉപയോഗിച്ച്, മാനുഷിക പരിഗണന നൽകി ഇതൊരു കീഴ്വഴക്കം ആകാൻ പാടില്ല എന്ന വ്യവസ്ഥയിൽ പ്രത്യേക കേസായി പരിഗണിച്ച്, ഉയർന്ന പ്രായപരിധിയിലും അധിക യോഗ്യതയിലും ഇളവ് അനുവദിച്ച് പൊഴിയൂർ സെന്റ് മാത്യൂസ് എച്ച്.എസിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, ഭിന്നശേഷി സംവരണം സംബന്ധിച്ച ഉത്തരവുകൾക്കു വിധേയമായി 25.06.2021 പ്രാബല്യത്തിൽ ശ്രീ.മരിയാദാസന് നിയമനാംഗീകാരം നല്കാവുന്നതാണോ?

ബി) എയ്ഡഡ് സ്കൂളുകളിലെ നിയമന അംഗീകാരത്തിനായി സമന്വയ പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കുമ്പോൾ അതിന്റെ ആധികാരികത ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പാക്കിയശേഷം മാത്രമേ നിയമനാംഗീകാരം നൽകാൻ പാടുള്ളൂ എന്ന നിർദ്ദേശം നൽകാവുന്നതാണോ?

**GOVERNMENT OF KERALA**
**(SHRI.PINARAYI VIJAYAN MINISTRY)**
**NOTE FOR THE COUNCIL OF MINISTERS**

| | | | |
|---|---|---|---|
| 1 | File Number | : | S2/150/2023/G.Edn. |
| 2 | Department | : | General Education (S) Department |
| 3 | Subject | : | Granting approval of appointment to Sri Mariyadasan in the post of Office Attendant in St. Mathews High School, Pozhiyoor in relaxation of rules relating to upper age limit and qualification prescribed for the said post. |
| 4 | Date of Chief Minister's order for placing before the Council | : | 26.07.2024 |
| 5 | (i) Does the case involve financial commitments/implications | : | Yes |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Note for the Council? | : | No |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | : | Yes |
| 7 | Name of Joint Secretary who submitted the Draft Note | : | Smt. Jyothilekshmy L |
| 8 | Name of Principal Secretary who approved the Draft Note | : | Smt.Rani George |
| 9 | Date of approval of the Draft Note for the Council by the Principal Secretary | : | 09.08.2024 |
| 10 | Name of Chief Secretary who approved the Draft Note | : | Dr. Venu V. |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | 13.08.2024 |
| 12 | Name of Minister who approved the Draft Note | : | Sri.V.Sivankutty |
| 13 | Date of approval of the Draft Note for the Council by the Minister | : | 13.08.2024 |
| 14 | Date of Submission of fair copies | : | 13/08/24 |
| 15 | Date of decision by the Council of Ministers | : | |
| 16 | Number and date of the Government Order/ letter communicating the decision | : | |

# NOTE FOR THE COUNCIL OF MINISTERS

This note deals with the issue of granting approval of appointment to Sri. Mariyadasan, Office Attendant, St. Mathews High School, Pozhiyoor in relaxation of rules relating to the upper age limit and qualification prescribed for the appointment, invoking the powers vested in Government under Rule 3, Chapter 1, KER on humanitarian grounds and further subject to Govt orders issued in connection with the reservation of posts to differently abled persons.

2. St. Mathews HS Pozhiyoor, is an aided high school under the jurisdiction of Neyyattinkara Educational District. Sri Mariyadasan was appointed as Office Attendant from 25/06/2021 against the vacancy that arose subsequent to the promotion of Sri.Thaddeus to the post of Clerk. This appointment was approved by the District Educational Officer, Neyyatinkara vide order No.B3/24209/2021 dated 19/09/2021. Later the DDE, Thiruvananthapuram objected the approval noticing that at the time of his appointment, he has crossed the upper age limit prescribed by Government for appointment and the incumbent's salary was withheld since then. In compliance of the directions in the judgment in WP(C) No.9258/2023 filed by Sri Mariyadasan, the Director of General Education reviewed the matter further. The date of birth of Sri Mariyadasan as shown in his SSLC Certificate is 19.05.1976. He was 44 at the time of his appointment as FTM. He was 45 years old when he was appointed as Office Attendant. Sri Mariyadasan is eligible for age relaxation only upto 39 years as he belongs to OBC Category. As such, the Director of General Education rescinded the approval granted to Sri. Mariyadasan in the post of Office Attendant.

3. Sri.Mariyadasan in his review petition submitted that he was earlier appointed in the leave vacancy of Smt. Reena H.S.T (Natural Science) from 01/07/2019 to 14/08/2019 and this appointment was approved by DEO vide his order No. B3/18443/2020 dated 01/10/2020. It is also clarified that the said appointment was within the prescribed age limit. He submitted that he belongs to fishermen community and he is the sole breadwinner of his family comprising old and sick parents, wife and two girl children who are students, and the second child has 60% permanent disability and as there is no other source of income, the family's sustenance is severely affected.

4. The Director of General Education has also reported that the appointment of Sri. Mariyadasan against the short term leave vacancy was approved by the District Educational Officer on daily wage basis. As per GO(P) No.12/2016/ P&ARD dated 04.06.2016 and G.O.(P) No. 30/2016/ P&ARD dated 03.12.2016, it is specified that the persons appointed against the vacancies of Office Attendants should not have acquired graduation. Prior to the appointment of Mariyadasan as FTM and Office Attendant, he had worked as HST (Natural

Science). Hence it can be seen that he possesses higher qualification also. While applying for approval of appointment, the Manager stated that Sri.Mariyadasan was appointed as FTM w.e.f 01.12.2020 consequent on the recalling of the protected FTM continuing in the school to his parent school. His appointment in the said post was rejected on account of the Manager not submitting the proposal within the stipulated time limit and not in the prescribed manner. Eventhough his appointment against the short term leave vacancy is approved, since he lacks minimum continuous service of one acdemic year as on the date of relief, he cannot be treated as a 51 A claimant also. The District Educational Officer, without adverting to accurate facts accepted the claims put forward by the Manager through Samanwaya portal and granted approval erroneously.

5. As per Chapter XXIV (B) Rule 4 of KER , the qualifications of the non – teaching staff in Aided Schools shall be the same as the qualifications prescribed for the non teaching staff in Government schools. In the circumstances, as Sri Mariyadasan has crossed the age limit for appointment, General Education (J) Department's opinion was sought whether his review petition merit any consideration as he has continued in service for almost 2 years based on the approval granted by the DEO erroneously.

General Education ( JA ) Department has opined as below:

*"സാധാരണയായി സ് കൂളുകളിൽ മുൻകാല സേവനമില്ലാത്ത അധ്യാപകർക്ക് സർക്കാർ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ചു നൽകാറില്ല. എന്നാൽ അവധി ഒഴിവിലെ മുൻകാല സേവനങ്ങൾ, 51 A അവകാശം ലഭിച്ച സേവനങ്ങൾ, ദിവസവേതനാടിസ്ഥാനത്തിലുള്ള മുൻകാല സേവനങ്ങൾ എന്നിങ്ങനെ മുൻകാല സേവനമുള്ള അധ്യാപകർക്ക്/അനധ്യാപകർക്കു പിന്നീട് മാനേജർമാർ തസ്തിക അനുവദിക്കുന്ന സാഹചര്യം ഉണ്ടാകുമ്പോൾ ടി അധ്യാപകർ/അനധ്യാപകർ പ്രായപരിധി പിന്നിട്ടാലും സർക്കാർ അവർക്കു പ്രായപരിധിയിൽ ഇളവ് അനുവദിച്ചു നിയമനാംഗീകാരം നൽകാറുണ്ട്. സമാനമായ മുൻകാല സേവനങ്ങൾ പരിഗണിച്ച് സർക്കാർ ഒട്ടനവധി അധ്യാപകർക്ക്/അനധ്യാപകർക്കു പിന്നീട് അവരുടെ പുനർനിയമന തസ്തികയിലെ നിയമനങ്ങൾക്ക് വയസ്സിളവ് അനുവദിച്ചു നിയമനാംഗീകാരം അനുവദിച്ചിട്ടുണ്ട്. ശ്രീ. മരിയദാസൻ 25/6/2021 മുതൽ OA തസ്തികയിൽ നിയമനാംഗീകാരം നേടി 2 വർഷത്തോളമായി ജോലി ചെയ്തു വരവെയാണ് പ്രായപരിധി കഴിഞ്ഞതായി കണ്ടെത്തി ടിയാന്റെ ശമ്പളം തടഞ്ഞിട്ടുള്ളത്. ടി സ്കൂളിലെ FTM തസ്തികയിലും ശമ്പളമില്ലാതെ അപേക്ഷകൻ ജോലി നോക്കിയിരുന്നു എന്നും കാണാവുന്നതാണ്. എന്നാൽ ചുരുങ്ങിയ കാലയളവിലാണെങ്കിലും 01/7/2019 മുതൽ 14/8/2019 വരെ പ്രായപരിധിക്കുള്ളിൽ തന്നെ അധ്യാപക തസ്തികയിൽ താത്കാലിക ഒഴിവിൽ അംഗീകൃത സർവീസ് ടിയാന് ഉണ്ട് എന്നും ഭരണവകുപ്പിന്റെ ഫയലിൽ കാണുന്നു.മേൽ സാഹചര്യത്തിൽ നിവേദനത്തിൽ അപേക്ഷിച്ച പോലെ സർക്കാരിന്റെ പ്രത്യേകാധികാര പരിഗണന നൽകി ശ്രീ. മരിയദാസന്റെ OA തസ്തികയിലെ നിയമനം അംഗീകരിച്ച് ഉത്തരവാകാവുന്നതാണോ എന്ന് ഭരണവകുപ്പ് പരിശോധിച്ചു തീരുമാനത്തിലെത്തേണ്ടതും അപ്രകാരം*

*തീരുമാനിക്കുന്ന പക്ഷം ഉചിതതലത്തിൽ ഉത്തരവ് വാങ്ങി തീരുമാനമെടുക്കേണ്ടതാണ് . FTM തസ്തികയിൽ നിയമിക്കപ്പെടുന്നതിന് മുമ്പ് ശ്രീ.മരിയദാസന് ടി സ്കൂളിൽ എച്ച്.എസ്.എ ആയി അവധി ഒഴിവിൽ 2019 ൽ നിയമനം ലഭിച്ചതായി കാണുന്നതിനാൽ 2021 ൽ OA തസ്തികയിൽ നിയമിക്കുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യത കൂടി പരിശോധിക്കുവാനും താല്പര്യപ്പെടുന്നു. കൂടാതെ കൃത്യമായ പരിശോധന നടത്താതെ നിശ്ചിത പ്രായപരിധി കഴിഞ്ഞിട്ടും അത് ശ്രദ്ധിക്കാതെ തെറ്റായി നിയമനാംഗീകാരം നൽകിയ അന്നത്തെ ജില്ലാ വിദ്യാഭ്യാസ ഓഫീസറോട് വിശദീകരണം ആരായുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്ന കാര്യത്തിലും ഭരണവകുപ്പ് ഉചിതതലത്തിൽ ഉത്തരവ് തേടേണ്ടതാണെന്നും അറിയിക്കുന്നു."*

6. The Director of General Education noted that since Sri Mariyadasan worked in the post of HSA, his approval of appointment can be considered only in relaxation of rules relating to the upper age limit and prescribed qualification for the post of Office attendant.

7. The District Collector was requested to enquire into the condition of his family as claimed by the Applicant in his review petition and the District Collector in his report stated that the applicant and his wife Smt. Mini and children Sona.M.Das (17 years old ) and Mary Seena (16 years old ) live in Kulathur Village, Kollangode, New Fishermen's Colony, Kulathur Panchayat 10-2020 Ward, Pozhiyoor South. The report also states that the applicant belongs to the Christian - Latin Catholic community and is the sole breadwinner of the family and the second daughter has 60% permanent disability and is dependent on the applicant. It has also been reported that the applicant is in possession of 01.21 Are land in Resurvey No. 354/3-10 at Block No. 46 in Kulathur Village.

8. The opinion of P & ARD was sought on the issue of relaxation of age limit, however that Department advised to examine the matter in the light of Kerala Education Rules. The opinion rendered is as below:

*"എയ്ഡഡ് സ്കൂളുകളുമായി ബന്ധപ്പെട്ട വിഷയം കെ.പി.എസ് ആക്ടിനു കീഴിൽ വരാത്തതിനാൽ ഈ വിഷയത്തിൽ ആധികാരിക അഭിപ്രായം രേഖപ്പെടുത്തുന്നതിന് ഈ വകുപ്പിന് പരിമിതിയുണ്ട്. കെ.ഇ.ആർ-ലെ ചട്ടവ്യവസ്ഥകളാണ് എയ്ഡഡ് ജീവനക്കാരുടെ കാര്യത്തിൽ ബാധകമാകുമെന്നതിനാൽ പൊതുവിദ്യാഭ്യാസ (ജെഎ) വകുപ്പിന്റെ അഭിപ്രായം പ്രകാരം ഭരണവകുപ്പിന് തുടർനടപടി സ്വീകരിക്കാവുന്നതാണ്."*

9.The whole issue can be summarized thus. Sri. Mariyadasan was appointed as Office attendant w.e.f 25.06.2021 in Pozhiyoor St. Mathew’s High School and approval was granted to him by DEO, Neyyattinkara erroneously without cross checking the details submitted by the Manager and he has continued as such for almost 2 years in the said post and later on salary was withheld on the basis of the objection raised by the DDE. The Applicant requests that his appointment

may be approved on sympathetic consideration in relaxation of rules. When file was circulated to Hon'ble Chief Minister for orders on whether Sri Mariyadasan's approval can be considered in relaxation of rules on humanitarian grounds as he is the sole breadwinner of the family and his younger daughter has 60% permanent disability as reported by the District Collector and as he has crossed the upper age limit prescribed for appointment and no other chances is before him to try for any other job, the Hon'ble Chief Minister ordered to place the matter before the Council of Ministers for consideration.

## POINTS FOR DECISION

A) Whether the appointment of Sri.M.Mariyadasan as Office Attendant can be approved with effect from 25/06/2021 in Pozhiyoor St. Mathews High School, if it is otherwise in order in all other respects, subject to Govt orders issued in conection with the reservation of posts to differently abled persons, in relaxation of the rules relating to upper age limit and qualification prescribed for the post, invoking the powers vested in the Government under Rule 3, Chapter 1 KER considering it as a special case on humanitarian grounds alone and on further condition that it should not be treated as a precedent in any other case that may arise in future ?

B) Whether direction may be given to the Educational Officers to accord sanction for approval of appointment in Aided Schools only after duly verifying the authenticity of the documents submitted through Samanwaya portal?